പുസ്തകം



**മണൽജീവികൾ**
**ജി.ആർ. ഇന്ദുഗോപൻ**
**വില: 130.00, പേജ്: 176**
**ചിന്ത പബ്ലിഷേഴ്സ് തിരുവനന്തപുരം**
ആലപ്പുഴ ജില്ലയിലെ ആലപ്പാട് എന്ന തീരത്തെ ജനങ്ങളുടെ ജീവിതത്തെയും ജീവിക്കാനുള്ള പോരാട്ടത്തെയും കഥയിലേക്കാവാഹിക്കുന്ന നോവൽ. കരിമണൽഖനനത്തിലും സുനാമി തിരകളിലും ചിതറിപ്പോയ ഒരു ഗ്രാമത്തിന്റെ കഥ കൂടിയാണ് പത്രപ്രവർത്തകൻ കൂടിയായ നോവലിസ്റ്റ് പകർത്തിവെക്കുന്നത്.



**വീട് നഷ്ടപ്പെട്ടവൾ**
**തസ്‌ലീമ നസ്റിൻ**
**വില: 225.00, പേജ്: 300**
**ഗ്രീൻ ബുക്സ് തൃശൂർ**
തസ്‌ലീമ നസ്റിന്റെ അനുഭവക്കുറിപ്പുകൾ. തസ്‌ലീമയുടെ പലായനജീവിതത്തിന്റെ രണ്ടാംഘട്ടമാണ് ഈ കുറിപ്പുകളുടെ പശ്ചാത്തലം. അതിർത്തികൊണ്ട് വിഭജിക്കപ്പെട്ട ഇരു ബംഗാളുകളിൽനിന്നും ബഹിഷ്കൃതയാക്കപ്പെടുന്ന എഴുത്തുകാരിയെ ഒറ്റപ്പെടലിന്റെ വേദന പിന്തുടരുന്നതായി ഈ കുറിപ്പുകളിൽ കാണാം.

**ഒരു മിഥ്യയുടെ ഭാവി**
**ടി.കെ. രാമചന്ദ്രൻ**
**വില: 140.00, പേജ്: 177**
**റാസ്ബെറി ബുക്സ് കോഴിക്കോട്**
മാർക്സിസ്റ്റ് സൈദ്ധാന്തികനായിരുന്ന ഡോ. ടി.കെ. രാമചന്ദ്രന്റെ ആദ്യ കൃതിയുടെ രണ്ടാം പതിപ്പ്. ഫാഷിസ്റ്റ് വിപത്തിനെ കേരളപശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന ആദ്യ കൃതി കൂടിയാണിത്. ഗ്രന്ഥകാരനുമായുള്ള അഭിമുഖവും ഡോ. എം.വി. നാരായണന്റെയും പി.പി. ഷാനവാസിന്റെയും കുറിപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു. അവതാരിക: ഡോ. കെ.എൻ. പണിക്കർ.

**ഹൃദയഗീതങ്ങൾ**
**രവിമേനോൻ**
**വില: 120.00, പേജ്: 167**
**മാതൃഭൂമി ബുക്സ്**
മാധ്യമപ്രവർത്തകനും സംഗീതഗവേഷകനുമായ രവിമേനോന്റെ ഹൃദയസ്പർശിയായ പാട്ടുകുറിപ്പുകൾ. മലയാളം, തമിഴ്, ഹിന്ദി ഗാനശാഖകളിലെ സുവർണഗീതങ്ങളെക്കുറിച്ചും ഗായകരെക്കുറിച്ചും ചെറുകുറിപ്പുകളിലൂടെ പരിചയപ്പെടുത്തുന്ന ഈ കൃതി, പാട്ടുപിറന്ന വഴികളെക്കുറിച്ചും ഓർമപ്പെടുത്തുന്നു. അവതാരിക: ഡോ. സുകുമാർ അഴീക്കോട്.

**കാലത്തിൽ ഒഴുകിയെത്തുന്നത്**
**ഭൂമിക**
**വില: 225.00, പേജ്: 303**
**കറൻറ് ബുക്സ് തൃശൂർ**
ചതിയും വഞ്ചനയുമില്ലാത്ത, സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പൂക്കൾ വിരിയുന്ന പെൺമയുടെ ലോകത്തെ സ്വപ്നം കാണുകയാണ് ഭൂമിക ഈ നോവലിലൂടെ. ഭൂമി മുഴുവൻ നദികളായൊഴുകുന്ന പെൺജന്മപരമ്പരകളുടെ സ്വപ്നാഖ്യാനമാണ് ഈ നോവലിൽ ഒഴുകിയെത്തുന്നത്.



**ജ്യോതിർലിംഗ ക്ഷേത്രങ്ങൾ**
**പി.ജി. രാജേന്ദ്രൻ**
**വില: 70.00, പേജ്: 80**
**ഡി.സി ബുക്സ് കോട്ടയം**
ദ്വാദശ ജ്യോതിർലിംഗ ക്ഷേത്രങ്ങളിലേക്ക് ഒരു തീർഥയാത്ര നടത്തുന്ന കൃതി. കാശി, സോമനാഥം, മല്ലികാർജുനം, ഉജ്ജയിനി, കേദാരനാഥം തുടങ്ങി ഹിമാലയം മുതൽ രാമേശ്വരം വരെ കിടക്കുന്ന 12 ജ്യോതിർലിംഗക്ഷേത്രങ്ങളെയും അവയുടെ ചരിത്രത്തെയും സാമാന്യമായി പരിചയപ്പെടുത്തുന്ന കൃതി.

**ഗാന്ധിജിയുടെ ഡയറി**
**വിവ: ശൂരനാട് രവി**
**വില: 325.00, പേജ്: 481**
**ഒലിവ് പബ്ലിക്കേഷൻസ്**
മഹാത്മാഗാന്ധിയുടെ ദൽഹി ഡയറി എന്ന പ്രശസ്തകൃതിയുടെ മലയാള പരിഭാഷ. ഗാന്ധിജിയുടെ അവസാന നാളുകളിലെ പ്രഭാഷണങ്ങളാണ് ഈ കൃതിയുടെ ഉള്ളടക്കം. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടന്ന അനിഷ്ടസംഭവങ്ങളിൽ അദ്ദേഹത്തിനുണ്ടായ അഗാധ ദുഃഖമാണ് ഈ കുറിപ്പുകൾ വെളിച്ചപ്പെടുത്തുന്നത്.

**കൃഷിയുടെ സംസ്കാരം സംസ്കാരത്തിലെ കൃഷി**
**എഡി: കെ.സുരേന്ദ്രൻ**
**വില: 50.00, പേജ്: 94**
**സാക്ഷി ബുക്സ് തേഞ്ഞിപ്പലം**
മണ്ണും മനുഷ്യനും തമ്മിലെ അഭേദ്യമായ ബന്ധത്തെ ഓർമപ്പെടുത്തുന്ന പുസ്തകം. വികസനം എത്ര പെരുകിയാലും ഭക്ഷണമുണ്ടാക്കാൻ ഈ ഭൂമിയിലെ മണ്ണില്ലാതെ മറ്റൊരു മാധ്യമമില്ല എന്ന സത്യം ഈ പുസ്തകം ചൂണ്ടിക്കാട്ടുന്നു. ഡോ. എം.ആർ. രാഘവവാര്യർ, സി. രാധാകൃഷ്ണൻ, കെ.വി. രാമകൃഷ്ണൻ, ഡോ. കെ.എൻ. ഗണേശ് തുടങ്ങി 11 പേരുടെ എഴുത്തുകൾ.

**ന്യൂ ജനറേഷൻ സിനിമ**
**ജോസ് കെ. മാനുവൽ**
**വില: 90.00, പേജ്: 134**
**ഡി.സി ബുക്സ് കോട്ടയം**
പുതുതലമുറ സിനിമകളെ അടുത്തറിയാനും തിരശ്ശീലയിൽ പകർന്നാടുന്ന പ്രതിഭകളെയും പിന്നിൽ അണിനിരക്കുന്നവരെയും സാമാന്യം പരിചയപ്പെടാനുമുതകുന്ന പുസ്തകം. അവതാരിക: ആഷിഖ് അബു.

**വിപരീതം**
**അടുതല ജയപ്രകാശ്**
**വില: 75.00, പേജ്: 98**
**പ്രഭാത് ബുക്ഹൗസ് തിരുവനന്തപുരം**
ജീവിതത്തെ ഒത്തുതീർപ്പുകളിൽ കുതറിച്ചെടുക്കുന്ന കവിതകളാണ് ഈ സമാഹാരത്തിൽ. വിപരീതം, ഡിസംബർ, കവിതയുടെ പതാക, നക്രം, അദൃശ്യൻ, വഴി, ബുദ്ധൻ തുടങ്ങി 51 കവിതകൾ. പഠനം: വർക്കല ഗോപാലകൃഷ്ണൻ.

വായന

# നൂറ്റാണ്ടുകൾ താണ്ടിവന്ന പക്ഷിക്കരച്ചിൽ

**പ്രവാസദുഃഖത്തിൽനിന്ന് കടഞ്ഞെടുത്തവയാണ് ബനിപലിൽ സമാഹരിച്ചിരിക്കുന്ന അറബിക്കവിതകളിൽ പലതും. മലയാളി മനസ്സിലാക്കിയ മാതിരി ഉപജീവനത്തിനുവേണ്ടിയുള്ള കൂടുമാറ്റമല്ല ഈ പ്രവാസം. എന്നേക്കുമായി നാട് നഷ്ടപ്പെട്ട് അലയുന്നവരുടെ തീരാദുഃഖമാണ് അറബ് കവിതയിൽ മുഴങ്ങുന്ന പ്രവാസ ദുഃഖം. ദേശം വിട്ടുള്ള അലച്ചിലിൽ ഭാഷകൂടി നഷ്ടപ്പെട്ട കവികൾ ഇക്കൂട്ടത്തിലുണ്ട്**

**പി. രാമൻ**

തുനീഷ്യൻ കവി ഖാലിദ് നജാറിന്റെ ഒരു കവിതയിൽ നൂറ്റാണ്ടുകൾ താണ്ടിവരുന്ന പക്ഷിയുടെ കരച്ചിൽ നാം കേൾക്കുന്നു. ആഗോള അറബ് കവിതയുടെ പുതുമയും ശൈലീവൈവിധ്യവും കരുത്തും സൗന്ദര്യവും പ്രതിഫലിക്കുന്ന ബനിപൽ -46ലെ കവിതകൾ പലവട്ടം വായിച്ചപ്പോൾ നജാറിന്റെ കവിതയിലെ പക്ഷി ഒരു സൂചകമായി മാറി. പുതിയ അറബ് കവിതയെ കുറിക്കാൻ പറ്റിയ ഒന്നാന്തരമൊരു സൂചകം. ലോക കവിതയുടെ ഹൃദയാകാശത്തിലൂടെ നൂറ്റാണ്ടുകൾ താണ്ടിവരുന്ന ആ പക്ഷിക്കരച്ചിലിന് ഞാനും കാതോർക്കുന്നു.

*ഖാലിദ് നജാർ*

അന്താരാഷ്ട്ര പ്രശസ്തമായ ആധുനിക അറബ് സാഹിത്യ ത്രൈമാസികയാണ് ബനിപൽ. മാർഗരറ്റ് ഒബാങ്ക് പ്രസാധകയും ഇറാഖി എഴുത്തുകാരൻ സാമുവൽ ഷിമോൺ പത്രാധിപരുമായി ബ്രിട്ടനിൽനിന്നിറങ്ങുന്ന പ്രസിദ്ധീകരണത്തിന്റെ ഏറ്റവും പുതിയ ലക്കം 2013ലെ പൂക്കാലപ്പതിപ്പ്, അറബ് സാഹിത്യലോകത്തെ നവതരംഗങ്ങൾ വായനക്കാരിലേക്ക് പടർത്താൻ പോന്നതരത്തിൽ വൈവിധ്യപൂർണമാണ്. 'ബനിപൽ-46'ന്റെ പ്രധാന ആകർഷണം സമകാല അറബ് കവിതയാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന 14 അറബ് കവികളുടെ 80 പുതുകവിതകൾ ഈ പുസ്തകത്തിലുണ്ട്, ഫലസ്തീനിൽനിന്നും ഇറാഖിൽനിന്നുമുള്ളവ ഉൾപ്പെടെ. കവികൾ മിക്കവരും പ്രവാസികൾ. ഒരു സംസ്കൃതിയുടെ ഭാഗധേയത്തെ കുറിച്ചോർത്തുള്ള വിങ്ങൽ ഈ കവിതകൾ പൊതുവായി പങ്കുവെക്കുന്നു. പൈതൃക സ്മൃതികളുടെ മുറിഞ്ഞതും മുറിയാത്തതുമായ വേരുകൾ പ്രാക്തനമായ കാവ്യനിലാവിൽ മിന്നിമിനുങ്ങുന്നു. പാരമ്പര്യവുമായി ഈ വിധം കണ്ണിചേർന്നിരിക്കുമ്പോഴും സമകാല ജീവിതാവസ്ഥകളോട് പ്രതികരിക്കുമ്പോഴും അറബ് കവിതാലോകം പ്രത്യയശാസ്ത്രപരമായോ സൗന്ദര്യദർശനപരമായോ ഏതെങ്കിലും അടഞ്ഞ കള്ളികളിൽ തളച്ചിടപ്പെട്ടതല്ല എന്നും ഈ കവിതകൾ സാക്ഷ്യപ്പെടുത്തുന്നു.

*ഹുസൈൻ ഹബാഷ്*

അറബ് ലോകത്തിന് പുറത്തുള്ള ജനതയുമായി ആഴത്തിൽ സംവദിക്കുന്ന രണ്ട് കവിതകളോടെയാണ് ബനിപൽ -46ലെ അറബ് കവിതാജാലകം തുറക്കുന്നത്. പാരിസിലെ മഹാ ശ്മശാനമായ പിയറിലാച്ചെ സെമിത്തേരി സന്ദർശിച്ചതിന്റെ ഓർമയാണ് ജർമനിയിൽ താമസിക്കുന്ന കുർദിഷ് സിറിയൻ കവി ഹുസൈൻ ഹബാഷ് എഴുതുന്നത്. പിയറിലാച്ചെ സെമിത്തേരിയിൽ മരിച്ചവരെയാരെയും കവി കാണുന്നില്ല. കണ്ടത്, ആകാശത്തേക്ക് തലയുയർത്തിനിൽക്കുന്ന ശവകുടീരങ്ങൾ മാത്രം.

*ഇതാ ഒരണ്ണാൻകുഞ്ഞ്*
*ബൽസാക്കിന്റെ ചുമൽ*
*ഒന്നു കിരുകിരുപ്പിച്ച്*
*പിയാഫ് കുടുംബത്തിന്റെ*
*കല്ലറയിൽനിന്നുവരുന്ന*
*സങ്കടപ്പാട്ടിന് കാതോർത്ത്*
*ഒരു കൊച്ചണ്ണാൻ*
*ഒരു നിമിഷം,*
*ഈഡിത്ത് പിയാഫ്*
*തേങ്ങുന്നത് കേട്ടപോലെ*
*എനിക്കു തോന്നി.*

ലോകമെങ്ങുമുള്ള മനുഷ്യന്റെ മഹാദുഃഖങ്ങളുമായി ഐക്യപ്പെടാനുള്ള വെമ്പലാണ് ഈ കൊച്ചുകവിത ആവിഷ്കരിക്കുന്നത്. തന്റെ കാലത്തെ സംഗീതം കൊണ്ടു നിറച്ച പ്രശസ്ത ഫ്രഞ്ച് ഗായിക ഈഡിത്ത് പിയാഫിന്റെ പാട്ടല്ല, തേങ്ങൽ, കേട്ടപോലെ കവിക്ക് തോന്നുന്നു. യശഃശരീരയായ ഗായികയുടെ തേങ്ങൽ ഉയർന്നുകേൾക്കുന്ന ഈ ശ്മശാനസ്മൃതി ലോകമെങ്ങുമുള്ള കലാകാരന്റെ വേദനയുമായും ഐക്യപ്പെടുന്നു. പാശ്ചാത്യ ശ്മശാനത്തെക്കുറിച്ചുള്ള ഈ കവിതക്കടിയിൽ കുർദ് ജനത അനുഭവിച്ച സഹനങ്ങളുടെ കരിനിഴലുകൾ കൂടി വീണുകലർന്ന് കിടക്കുന്നു. ഇതിനകം അറബിയിൽ അഞ്ച് കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ച ഹുസൈൻ ഹബാഷ് കുർദിഷിലും കവിതകളെഴുതിവരുന്നു.

*താഹാ അദ്നാൻ*

ഇതോട് ചേർന്ന് നിൽക്കുന്ന കവിതയാണ് മൊറോക്കോയിൽ ജനിച്ച് ബ്രസൽസിലേക്ക് ചേക്കേറിയ താഹാ അദ്നാന്റേത്. മനുഷ്യന്റെ കൈകളുടെ മാഹാത്മ്യം എൺപതുകളിൽ മലയാളത്തിൽ ബാലചന്ദ്രൻ ചുള്ളിക്കാടെഴുതി. സഹജീവിയുടെ ചിരിയെപ്പറ്റി താഹാ അദ്നാൻ എഴുതുന്നു.

*നിന്റെ പുഞ്ചിരി*
*വസന്തത്തേക്കാൾ,*
*എല്ലാ ഋതുക്കളേക്കാളും മധുരം*
*നിന്റെ ചിരി*
*ആർത്തലക്കുന്ന ജനതതിയേക്കാൾ*
*ആനന്ദദായകം*
*ജനത നിവർന്നുനിന്ന്*
*'എന്റെ രാജ്യം' എന്ന് പാടുമ്പോഴത്തേക്കാൾ*
*ആഹ്ലാദനിർഭരം.*

'നിന്റെ ചിരി ദേശീയ പതാകയേക്കാൾ മോഹനം' എന്നാണീ കവിതയുടെ ശീർഷകം. കലാപങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും ദേശാഭിമാനത്തിനും വിശ്വാസധാരകൾക്കുമപ്പുറം പച്ച മനുഷ്യന്റെ ചിരി പതാകപോലെ ഉയർത്തിപ്പിടിക്കുന്നു ഇക്കവിത. അറബ് കവിതാ ലോകത്ത് ഉയർന്നുപാറുന്ന ഈ പുഞ്ചിരിപ്പതാക, സമാധാനം നിറഞ്ഞ ലോകത്തിനായി കൊതിക്കുന്ന ജനതയുടെ കുലചിഹ്നം തന്നെയാണ്.

പ്രവാസദുഃഖത്തിൽനിന്ന് കടഞ്ഞെടുത്തവയാണ് പുസ്തകത്തിലെ പ്രമുഖ ശബ്ദങ്ങൾ പലതും. മലയാളി മനസ്സിലാക്കിയ മാതിരി ഉപജീവനത്തിനുവേണ്ടിയുള്ള കൂടുമാറ്റമല്ല ഈ പ്രവാസം. എന്നേക്കുമായി നാട് നഷ്ടപ്പെട്ട് അലയുന്നവരുടെ തീരാദുഃഖമാണ് അറബ് കവിതയിൽ മുഴങ്ങുന്ന പ്രവാസ ദുഃഖം. സംസ്കൃതിയിൽനിന്ന് വിച്ഛേദിക്കപ്പെടുന്നതിന്റെ വേദനയാണത്. ദേശം വിട്ടുള്ള അലച്ചിലിൽ ഭാഷകൂടി നഷ്ടപ്പെട്ട കവികൾ ഇക്കൂട്ടത്തിലുണ്ട്. യൂറോപ്പിലും അമേരിക്കയിലും ജീവിക്കുന്ന അറബ്വംശജരായ പല കവികളും ഇംഗ്ലീഷിലും ഫ്രഞ്ചിലും കൂടി എഴുതുന്നവരാണ്. അമേരിക്കയിൽനിന്നുള്ള ഫിലിപ് മെട്രസ്, ദുൻയാ മിഖൈൽ, ഖാലിദ് മത്താവ എന്നിവർ അവരിൽ ചിലർ. ലബനീസ് വേരുകളുള്ള വീനസ് ഖൂരി ഗഥ ഫ്രഞ്ചിലെഴുതുന്നു.

*വീനസ് ഖൂരി ഗഥ*

പ്രാചീന ഇറാഖ്/മെസപ്പൊട്ടേമിയൻ പാചകവിധികളിൽ നിഷ്ണാതനായ നവാൽ നസുറല്ലയെക്കുറിച്ച് ഫിലിപ് മെട്രസ് എഴുതിയ കവിതയിൽ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് 'അടുക്കളകളിൽ മാത്രം സ്വന്തം രാജ്യത്തെ അനുഭവിക്കുന്നവൻ' എന്നാണ്. അതെ, പ്രവാസദുഃഖത്തിന്റെ വേരുകൾ രസമുകുളങ്ങളോളം സൂക്ഷ്മമായിരിക്കുന്നു. പാരമ്പര്യത്തിലേക്ക് കൊണ്ടുപോകുന്ന മിന്നൽവേഗമുള്ള വാഹനമാണ് രുചി. കലയാണ് മറ്റൊരു വാഹനം. മ്യൂസിയത്തിൽവെച്ചു കണ്ട സുമേരിയൻ ദേവതാശിൽപത്തെക്കുറിച്ച് ദുൻയാ മിഖൈൽ ഇങ്ങനെ എഴുതുന്നു.

*വാനം തൊടുംമട്ടു കൈകളുയർത്തിക്കൊച്ചുദേവത,*
*സുമേരിയൻ ദേവി, നിൽപു*
*കണ്ണാടിക്കൂട്ടിനുള്ളിലായ്.*
*രണ്ടാമതും ഞാൻ ചെന്നപ്പോൾ*
*ഒന്നു കുമ്പിട്ടമാതിരി*
*കണ്ടു ദേവിയെ ഭൂമിക്കു*
*നേരെ ചൂണ്ടിയ കൈയുമായ്*
*മൂന്നാം തവണ കണ്ടപ്പോൾ*
*കിടപ്പൂതാഴെ വീണവൾ*
*ഉടലോടു കരങ്ങൾ ചേർത്തുറങ്ങാൻ വെമ്പിടുംപടി*
*കഴിഞ്ഞകുറി സന്ദർശിച്ചപ്പോളവളൊളിക്കയോ*
*രഹസ്യമൊന്ന് മാറിൽ കൈപിണച്ചും കൺകൾ പൂട്ടിയും.*

സ്വന്തം പാരമ്പര്യ നഷ്ടത്തെ പുനരനുഭവിപ്പിക്കുന്നു സുമേരിയൻ ദേവതാശിൽപത്തിന്റെ പതനം. ശിൽപത്തിന്റെ തകർച്ചയേക്കാൾ നമ്മെ സ്പർശിക്കുക വീണുകിടക്കുന്ന പ്രതിമ ഉള്ളിലൊളിപ്പിക്കാൻ ശ്രമിക്കുന്ന രഹസ്യമാണ്. പാരമ്പര്യം നിഗൂഢമായൊരു പ്രഹേളികപോലെ അനുഭവിക്കാനാണോ അറബ് പ്രവാസി സമൂഹത്തിന്റെ വിധി?

*ഖാലിദ് മത്താവ*

അമേരിക്കൻ പട്ടാളക്കാരുമായി ബഗ്ദാദിൽനിന്ന് പറന്നുപൊങ്ങുന്ന വിമാനത്തെ കുറിച്ചുള്ള കവിതയിൽ (വിമാനം) ഇതേ എഴുത്തുകാരി സ്വന്തം നാടായ ഇറാഖിനെ വിശേഷിപ്പിക്കുന്നത് 'മണലിൽ അറുത്തിടപ്പെട്ട വിരൽ' എന്നാണ്. ടൈഗ്രിസ് നദിയിൽ പ്രതിബിംബിക്കുന്ന ചന്ദ്രനുമുകളിലൂടെ, പാസ്പോർട്ട് ഓഫിസിലെ നീണ്ട വരികൾക്ക് മുകളിലൂടെ, കുഞ്ഞുങ്ങളോടൊപ്പം വളരുന്ന നാശാവശിഷ്ടങ്ങൾക്ക് മുകളിലൂടെ പറന്നെത്തുന്ന വിമാനം, മണലിൽ അറുത്തിടപ്പെട്ട ആ വിരലിൽനിന്ന് ആറായിരം മൈലകലെ തളർന്നവശരായ യാത്രക്കാരുമായി നിലത്തിറങ്ങുന്നു. ഇറാഖിലെ അമേരിക്കൻ അധിനിവേശം നേരിട്ട് പരാമർശിക്കുന്ന ഈയൊരൊറ്റ കവിതയേ പുസ്തകത്തിലുള്ളൂ. പാരമ്പര്യ വിച്ഛേദവും നവ അധിനിവേശങ്ങളുമെല്ലാം ബാഹ്യപരാമർശങ്ങളേക്കാൾ ആന്തരസൂചനകൾ കൊണ്ട് പൊലിപ്പിക്കുന്നവയാണ് ബനിപൽ -46ലെ മിക്ക കവിതകളും.

ഫലസ്തീനിൽനിന്നും ഇറാഖിൽനിന്നുമുള്ള കവികൾ പ്രത്യേകം നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. ദർവീഷിന് ശേഷമുള്ള ഫലസ്തീൻ കവിത കുറേക്കൂടി നിരാശാനിർഭരവും വിലാപപൂർണവുമായിരിക്കുന്നുവോ? അങ്ങനെ തോന്നും മൂസാ ഹൗംദേഹിന്റെ കവിതകൾ വായിക്കുമ്പോൾ. 'മരണം വരുമ്പോൾ യാത്രാമൊഴിയുടെ പൂന്തോപ്പിൽ ഞാൻ സൂര്യാസ്തമയം വിതക്കും. മനുഷ്യന്റെ തോൽവി ഞാൻ പ്രഖ്യാപിക്കും. അസാന്നിധ്യത്തിന്റെ നോട്ടുബുക്കിലേക്ക് ഫലസ്തീനെ അയക്കും' എന്നെഴുതുമ്പോഴും ഇച്ഛാഭംഗത്തിന്റെ ആഴം നമ്മെ തൊടാതിരിക്കില്ല. നഷ്ടപ്പെട്ട മാതൃഭൂമിയെകുറിച്ചോർത്തുള്ള കവിയുടെ നിരാശയിൽ ഫലസ്തീൻ ജനത ഇന്നെത്തിച്ചേർന്നിട്ടുള്ള രാഷ്ട്രീയമായ നിരാശാബോധം കൂടി ഉള്ളടങ്ങിയിട്ടുണ്ടാവാം.



*മൂസാ ഹൗംദേഹ്*

കത്തിയമരുന്ന സമകാല ഇറാഖിൽ ജീവിച്ചുകൊണ്ട് എഴുതുന്ന കവിയാണ് ഹസബ് അൽഷെയ്ഖ് ജാഫർ. അദ്ദേഹത്തിന്റെ കവിതകൾ ഇംഗ്ലീഷിൽ ഇതാദ്യമായാണ് വിവർത്തനം ചെയ്തുവരുന്നതെന്ന വിശേഷം കൂടി എടുത്തുപറയേണ്ടതുണ്ട്. നേരിട്ട് രാഷ്ട്രീയ പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്നില്ലെങ്കിലും അസ്വസ്ഥതകൾക്കും ഉത്കണ്ഠകൾക്കും വിഭ്രാത്മകമായ കവിതാഭാഷ്യം ചമക്കുകയാണ് ഈ കവി. കുറുക്കന്റെ മുട്ട കോഴി വിരിയിക്കുന്ന നേരത്തെക്കുറിച്ച്, കിണ്ണം നിറച്ച് പുഴുക്കൾ കുമിയുന്ന നേരത്തെക്കുറിച്ച് ഹസബിന്റെ കവിത ആധിപ്പെടുന്നു. 'ഉദ്ഖനനം' എന്ന കവിതയിൽ ഒരു വാടകമുറി നിധിതേടി കുഴിക്കുകയാണ്. അങ്ങനെ അടികാണാത്ത കുഴിയായി. ടോർച്ചും പീച്ചി ഇറങ്ങിയിറങ്ങി ചെന്നപ്പോൾ ബാൽക്കണികളും ഇടനാഴികളും കാണായി. ബാബേലാണോ? കാർത്താജാണോ? അവിടെ മറ്റാരെയും കണ്ടില്ല. ക്ഷീണിച്ച ഒരു വയസ്സൻ ഷെയ്ഖ് ഏതോ കൈയെഴുത്ത് ഗ്രന്ഥം മറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. തൊട്ടടുത്ത നീക്കത്തിൽ നിധിക്കരികിലെത്തി എന്നു കരുതി. പക്ഷേ നോക്കുന്നിടത്തെല്ലാം കണ്ടത്, ആഗതരെക്കുറിച്ച് സംശയാലുവായ ഒരെലിമ്പൻ താത്താർ കുനിഞ്ഞിരുന്ന് ഒഴിഞ്ഞ ഫയലുകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നതാണ്. ഇന്നത്തെ ഇറാഖിന്റെ തീയിൽനിന്നും പുകയിൽനിന്നുമുയർന്നുവന്ന വിചിത്രവും വിഭ്രാത്മകവുമായ കവിതയാണ് ഹസബിന്റേത്.

*സലാഹ് ഫായിക്ക്*

ഇറാഖിൽനിന്ന് ലണ്ടനിലേക്കും പിന്നീട് ഫിലിപ്പീൻസിലേക്കും കൂടുമാറിയ കവിയാണ് സലാഹ് ഫായിക്ക്. പേരില്ലാത്ത കൊച്ചുകൊച്ചു കവിതകളുടെ മിന്നലുകളാണ് ഇദ്ദേഹത്തിന്റെ രചനകൾ. 'കടൽത്തിരകൾക്ക് മലമുടികളുടെ സമാനമായ ഈ വെള്ളച്ചാട്ടം എന്റെ മുറിയിരിക്കുന്നേടത്തെ അഗ്നിപർവതത്തിന് നേർക്ക് ചീർത്തുവരുന്നു' എന്നും 'എന്റെ സുഹൃത്തുക്കൾ നടത്തിയ പാർട്ടികളിൽ ഞാൻ നൃത്തം ചെയ്തു. ഒരാൾക്കുപിറകെ മറ്റൊരാളായി അവരെല്ലാം മരിച്ചുപോയി' എന്നുമെഴുതുമ്പോൾ ഒരുപാടനുഭവിച്ചതിന്റെ കുറിക്കുകൊള്ളുന്നതെങ്കിലും ലാഘവത്വം നിറഞ്ഞ സൂക്ഷ്മ നിരീക്ഷണങ്ങളായി അവ വായനക്കാരന്റെ മനസ്സിലെത്തുന്നു. പ്രവാസദുഃഖത്തിന്റെ വേദന വിങ്ങുന്ന ഒരു മിന്നൽ ഇതാ:

*ഹസബ് ശൈഖ് ജാഫർ*

*എല്ലാറ്റിലുമുള്ള എന്റെ വിശ്വാസം നഷ്ടപ്പെടാൻ*
*ഒരു നഗരം, ഒരു ചെറു നഗരം, ധാരാളം.*
*അതാണ് വർഷങ്ങളായി ഞാനൊരു*
*സങ്കൽപ ഗ്രാമത്തിൽ ജീവിക്കുന്നത്.*
*എന്നോ നഷ്ടപ്പെട്ട എന്റെ കുടപ്പിറപ്പ്*
*ഒരു മുന്തിരിത്തോട്ടത്തിൽ മുന്തിരിപറിച്ചുനിൽക്കുന്നത്*
*സൂചിക്കണ്ണിലൂടെ*
*ഞാൻ നോക്കിക്കാണുന്നു*

പൗരാണികധ്വനികളാൽ സമ്പന്നമാണ് അറബ് പുതുകവിത. ചരിത്രത്തിന്റെ ആഴത്തിൽ മറഞ്ഞുകിടക്കുന്ന സുമേരിയൻ മെസപ്പൊട്ടേമിയൻ സംസ്കൃതി മധ്യേഷ്യയിൽനിന്നുള്ള കവികളെ ഇപ്പോഴും പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുന്നു. ഗിൽഗമേഷ് എന്ന പൗരാണിക കഥാപാത്രത്തിൽനിന്ന് ഊർജമുൾക്കൊണ്ട അഞ്ച് കവിതകൾ ഈ പുസ്തകത്തിലുണ്ട്. 'സൂര്യഗ്രഹണം എന്നെ ആഹ്ലാദിപ്പിച്ചു. സൂര്യന്റെ ചെമന്ന ചിറകുകൾ ഞാൻ കണ്ടു. എന്നോടു ചേർത്തുനിന്ന് ഗിൽഗമേഷും ആ കാഴ്ച നോക്കിക്കണ്ടു' എന്ന് സലാഹ് ഫായിക്ക്.

മരുപ്പരപ്പുകളെ തഴുകിവരുന്ന അറബ് കവിത പക്ഷേ, ഒട്ടും ഊഷരമല്ല. സൂക്ഷ്മാനുഭവങ്ങളുടെ ഹരിതാഭകൊണ്ട് സമ്പന്നമാണത്. ഖാലിദ് നജാർ ഗൃഹാതുരതയോടെ പാടുന്നു: *സെപ്റ്റംബർ ഒടുവിൽ*
*നക്ഷത്രം തെളിഞ്ഞു തിളങ്ങിയപ്പോൾ*
*ശംഖുകൾക്കുള്ളിൽ*
*കടലിന്റെ പ്രതിധ്വനി നീ ശ്രവിച്ചപ്പോൾ*
*മഴ മരങ്ങൾക്കിടയിലൊളിച്ചപ്പോൾ*
*ഒരെണ്ണവിളക്ക്*
*നമ്മുടെ വീട് പ്രകാശിപ്പിച്ചിരുന്നു*
*സ്കൂൾ പുസ്തകങ്ങളിൽ മുഴുവൻ*
*ഒഴിഞ്ഞ പേജുകളായിരുന്നു.*

●

**കുലകൃഷ്ണം**
**വര: യാസിർ പാടൂർ**
**വരി: മെഹദ് മഖ്ബൂൽ**

ബോംബിട്ടവരെ രൂപംനോക്കി പിടിക്കാമല്ലോ... പിന്നെയെന്തിന് മണംപിടിച്ച് മിനക്കെടണം?